# 126/23

**ചോദ്യപുസ്തക അക്ഷരകോഡ്**

**A**

A

| **ചോദ്യങ്ങളുടെ ആകെ എണ്ണം : 100** | **സമയം : 90 മിനിട്ട്** |
|---|---|
| **പരമാവധി മാർക്ക് : 100** | |

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. ''ട്രസ്റ്റീഷിപ്പ്'' എന്ന ആശയത്തിന്റെ പ്രധാന ഉള്ളടക്കങ്ങൾ ഏവ ?
   i) ഒരു ട്രസ്റ്റിക്ക് പൊതുജനങ്ങളല്ലാതെ വേറെ അനന്തരാവകാശികൾ ഇല്ല.
   ii) കുറഞ്ഞ വേതനത്തിനും ഉയർന്ന വേതനത്തിനും പരിധിയില്ല.
   iii) സമൂഹത്തിന്റെ ആവശ്യമനുസരിച്ചാണ് ഉല്പാദനത്തിന്റെ സ്വഭാവം നിശ്ചയിക്കുന്നത്.
   A) എല്ലാ പ്രസ്താവനകളും ശരിയാണ്
   B) (i, ii) മാത്രമാണ് ശരി
   C) (ii, iii) മാത്രമാണ് ശരി
   D) (i, iii) മാത്രമാണ് ശരി

2. ശരിയായി ചേരുംപടി ചേർത്തവ കണ്ടെത്തുക.
   i) ദാദാഭായ് നവറോജി – ചോർച്ചാ സിദ്ധാന്തം
   ii) രമേശ് ചന്ദ്ര ദത്ത് – സാമ്പത്തിക ശാസ്ത്രകാരൻ
   iii) ചാണക്യൻ – മഗദ
   iv) അമർത്യാസെൻ – നോബൽ സമ്മാനം
   A) എല്ലാം ശരിയാണ്
   B) (i, iii, iv) എന്നിവ മാത്രമാണ് ശരി
   C) (ii, iii, iv) എന്നിവ മാത്രം ശരി
   D) (i, ii, iv) മാത്രമാണ് ശരി

3. ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.
   i) ബി. സി. ഇ. 2700 മുതൽ ബി. സി. ഇ. 1500 വരെയാണ് ഹാരപ്പൻ സംസ്കാര കാലഘട്ടമായി കണക്കാക്കപ്പെടുന്നത്.
   ii) ആദ്യ ഉൽഖനന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയത് ദയാറാം സാഹ്നി യായിരുന്നു.
   iii) 1921-ൽ സർ. ജോൺമാർഷൽ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഡയറക്ടറായിരുന്നു.
   A) (i, ii) പ്രസ്താവനകൾ മാത്രമാണ് ശരി
   B) (i, iii) മാത്രമാണ് ശരിയായ പ്രസ്താവന
   C) (ii, iii) മാത്രമാണ് ശരിയായവ
   D) എല്ലാ പ്രസ്താവനകളും ശരിയാണ്

4. ഹാരപ്പ, മെസൊപ്പൊട്ടാമിയൻ സംസ്കാരങ്ങൾ തമ്മിൽ കച്ചവടം നടന്നതിനുള്ള തെളിവുകളാണ്

   i) മെസൊപ്പൊട്ടാമിയൻ ലിഖിതങ്ങളിലെ മെലൂഹ എന്ന പ്രദേശ പരാമർശം.

   ii) ഹാരപ്പയിൽ നിന്ന് ലഭിച്ച മെസൊപ്പൊട്ടോമിയൻ മുദ്രകൾ.

   iii) വെങ്കലത്തിൽ തീർത്ത പായ്ക്കപ്പലിന്റെ രൂപങ്ങൾ കണ്ടെടുത്തത്.

   A) പ്രസ്താവനകൾ എല്ലാം ശരിയാണ്

   B) പ്രസ്താവന (iii) ഒഴികെ രണ്ടും ശരിയാണ്

   C) പ്രസ്താവനകൾ എല്ലാം തെറ്റാണ്

   D) പ്രസ്താവന (i) ഒഴികെ രണ്ടും ശരിയാണ്

5. ചേരുംപടി ചേർത്തവ പരിശോധിക്കുക.

| | | |
|---|---|---|
| i) ക്യൂണിഫോം | – | വിശുദ്ധ ലിഖിതം |
| ii) ഹൈറോഗ്ലിഫിക്സ് | – | ശില്പവൈദഗ്ധ്യം |
| iii) സ്ഫിംഗ്സ് | – | റോസെറ്റ |
| iv) സിഗുറാത്തുകൾ | – | ആരാധനാലയം |

   A) (i, ii, iv) എന്നിവ ശരിയാണ്

   B) (ii, iii) എന്നിവ മാത്രം ശരിയാണ്

   C) (i, iii, iv) എന്നിവ മാത്രമാണ് ശരി

   D) (iv) മാത്രമാണ് ശരി

6. ''പന്തിഭോജനം'' സംഘടിപ്പിച്ച് അവർണ്ണ സവർണ്ണ വ്യത്യാസത്തെ വെല്ലുവിളിച്ച ആദ്യകാല സാമൂഹ്യ പരിഷ്കർത്താവ്.

   A) വൈകുണ്ഠ സ്വാമികൾ

   B) അയ്യങ്കാളി

   C) ശ്രീ നാരായണ ഗുരു

   D) ചട്ടമ്പി സ്വാമികൾ

7. ‘‘എന്റെ പത്രാധിപരെ കൂടാതെ എനിക്ക് പത്രമെന്തിന്, അച്ചുകൂടമെന്തിന്’’ എന്ന നിലപാട് സ്വീകരിച്ച വ്യക്തി.

A) പൊയ്കയിൽ ശ്രീ കുമാരഗുരുദേവൻ
B) രാമകൃഷ്ണ പിള്ള
C) വക്കം അബ്ദുൽ ഖാദർ മൗലവി
D) വാഗ്ഭടാനന്ദൻ

8. ഗാന്ധിജി, ‘കൈസർ – എ – ഹിന്ദ്’ പദവി ബ്രിട്ടീഷ് ഗവൺമെന്റിന് തിരികെ നൽകാനിടയാക്കിയ സംഭവം.

A) ചമ്പാരൻ സത്യാഗ്രഹം
B) റൗലത്ത് നിയമം
C) ചൗരി ചൗരാ സംഭവം
D) ജാലിയൻ വാലാബാഗ് കൂട്ടകൊല

9. ചേരുംപടി ചേർത്തവ പരിശോധിക്കുക.

i) സവർണ്ണ ജാഥ – മന്നത്ത് പത്മനാഭൻ
ii) ദണ്ഡിയാത്ര – സി. കൃഷ്ണൻ നായർ
iii) ക്വിറ്റ് ഇന്ത്യ സമരം – അരുണാ അസഫലി
iv) അലി സഹോദരൻമാരിലൊരാൾ – മുഹമ്മദലി ജിന്ന

A) (i, iii, iv) ശരിയായി ചേർത്തിരിക്കുന്നു
B) (i, ii, iii) ശരിയായി ചേർത്തിരിക്കുന്നു
C) (ii, iii, iv) ശരിയായി ചേർത്തിരിക്കുന്നു
D) (i, ii, iv) ശരിയായി ചേർത്തിരിക്കുന്നു

10. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലക്ഷ്യങ്ങളിൽപ്പെടാത്തതേത് ?

A) ഇന്ത്യയിലെ വിവിധ രാഷ്ട്രീയ പ്രവർത്തകർക്കിടയിൽ സൗഹൃദബോധം വളർത്തുക
B) ജാതി-മത-പ്രാദേശിക ചിന്തകൾക്കതീതമായി ദേശീയ ബോധം വളർത്തുക
C) ഇന്ത്യക്കാരുടെ പ്രശ്നങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക
D) വിദേശ വസ്തുക്കൾ വിൽക്കുന്ന കടകൾ ഉപരോധിക്കുക

11. ഇന്ത്യ, പി. എസ്. എൽ. വി. സി – 51 ഉപയോഗിച്ച് വിക്ഷേപിച്ച ഭൗമ നിരീക്ഷണ ഉപഗ്രഹമായ ആമസോണിയ – 1ഏത് രാജ്യത്തിന്റേതാണ് ?

A) അമേരിക്ക
B) ബ്രസീൽ
C) ഫ്രാൻസ്
D) ജർമ്മനി

12. സൂര്യനേക്കാൾ ചൂട് കൂടിയ റേഡിയോ നക്ഷത്രങ്ങളുടെ അപൂർവ്വ വിഭാഗത്തിൽപ്പെട്ട എട്ട് നക്ഷത്രങ്ങളെ കണ്ടെത്തിയ പൂനെ ആസ്ഥാനമായുള്ള എൻ. സി. ആർ. എ-യിലെ സംഘത്തലവൻ

A) പ്രൊ. അഭിജിത്ത് ചക്രവർത്തി
B) ഡോ. യു. ആർ. റാവു
C) ബർനാലി ദാസ്
D) വേദാന്ത് ജാസു

13. മഹാനദി കടന്നു പോവുന്ന സംസ്ഥാനങ്ങൾ

A) മധ്യപ്രദേശ്, ഒറീസ
B) ഛത്തീസ്ഘട്ട്, ഒറീസ
C) ജാർഘണ്ട്, ആന്ധ്രാപ്രദേശ്
D) മധ്യപ്രദേശ്, തെലുങ്കാന

14. നവീന ശിലായുഗത്തിന്റെ സവിശേഷതയാണ്

A) ശിലകൾ കൊണ്ടും ചെമ്പുകൊണ്ടുമുള്ള ആയുധങ്ങൾ
B) പരുക്കൻ ശിലായുധങ്ങൾ
C) മിനുസപ്പെടുത്തിയ ശിലായുധങ്ങൾ
D) ഇരുമ്പു കൊണ്ടുണ്ടാക്കിയ ആയുധങ്ങൾ

15. ഇന്ത്യൻ ഭരണഘടനാദിനം നവംബർ 26 ആണ്. ഈ ദിവസം തെരഞ്ഞെടുക്കാനുള്ള കാരണം.

A) ഭരണഘടന നിലവിൽ വന്ന ദിവസം
B) പാർലമെന്റ് ഭരണഘടന അംഗീകരിച്ച ദിവസം
C) ഭരണഘടന തയ്യാറാക്കാൻ തീരുമാനമെടുത്ത ദിവസം
D) ഭരണഘടനാ നിർമ്മാണ സഭ ഭരണഘടന അംഗീകരിച്ച ദിവസം

16. പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം മൗലികാവകാശമായി അംഗീ കരിച്ചത് എത്രാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെയാണ് ?

A) 86-ാം ഭരണഘടനാ ഭേദഗതി

B) 87-ാം ഭരണഘടനാ ഭേദഗതി

C) 85-ാം ഭരണഘടനാ ഭേദഗതി

D) 82-ാം ഭരണഘടനാ ഭേദഗതി

17. ചരക്ക് സേവന നികുതി (ജി. എസ്. ടി.) പ്രാബല്യത്തിൽ വന്നത്.

A) 2017 ജൂലൈ 1 മുതൽ

B) 2017 ഏപ്രിൽ 1 മുതൽ

C) 2017 ജനുവരി 1 മുതൽ

D) 2017 ആഗസ്റ്റ് 15 മുതൽ

18. ഇന്ത്യയുടെ ആദ്യത്തെ സംയുക്ത സൈന്യത്തലവൻ (ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് – CDS) ആയിരുന്നു ജനറൽ ബിപിൻ റാവത്ത്. അദ്ദേഹം സി. ഡി. എസ്. ആയി ചുമതല ഏറ്റെടുത്തത്

A) 2019 ഡിസംബർ 24 ന്

B) 2020 ജനുവരി 1 ന്

C) 2020 ജനുവരി 26 ന്

D) 2019 ആഗസ്റ്റ് 15 ന്

19. പാരാലിംബിക്സിൽ സ്വർണ്ണം നേടുന്ന ആദ്യത്തെ ഇന്ത്യൻ വനിതയാണ് അവനി ലെഖര (Avani Lekhara) ഏത് മത്സര ഇനത്തിലാണ് ഇവർ സ്വർണ്ണം നേടിയത് ?

A) ടേബിൾ ടെന്നീസ്

B) SL3 ബാറ്റ്മിന്റൺ

C) 10M എയർ റൈഫിൾ സ്റ്റാന്റിങ് SH 1

D) ജാവലിൻ ത്രോ

20. സുരക്ഷാ ഫ്യൂസിന്റെ പ്രധാന ഭാഗമായ ഫ്യൂസ് വയർ ഉണ്ടാക്കുന്ന ലോഹ സങ്കര ത്തിന്റെ ഘടക മൂലകം ഇവയിൽ ഏത് ?

A) ക്രോമിയം

B) ടിൻ

C) സിങ്ക്

D) നിക്കൽ

21. തരംഗദൈർഘ്യം കൂടുതൽ ഉള്ള നിറം ഇവയിൽ ഏത് ?

A) നീല

B) വയലറ്റ്

C) മഞ്ഞ

D) ചുവപ്പ്

22. കാറ്റിന്റെ വേഗത അളക്കാൻ ഇവയിൽ ഏതു ഉപകരണമാണ് ഉപയോഗിക്കുന്നത് ?

A) ബാരോമീറ്റർ
B) അൾട്ടിമീറ്റർ
C) അനിമോമീറ്റർ
D) മാനോമീറ്റർ

23. വൈദ്യുത കാന്തിക പ്രേരണം കണ്ടുപിടിച്ചത് ആരാണ് ?

A) അലക്സാണ്ടർ ഫ്ലെമിംഗ്
B) മൈക്കിൾ ഫാരഡെ
C) റോബർട്ട് ഹൈമെർ
D) ജെയിംസ് ക്ലെർക് മാസ്‌വെൽ

24. സൗരയൂഥത്തിൽ ഏറ്റവും തിളക്കമുള്ള ഗ്രഹം ഏത് ?

A) ശുക്രൻ
B) ഭൂമി
C) ബുധൻ
D) ചൊവ്വ

25. ഹൈഡ്രോളിക് ബ്രേക്കുകൾ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാന തത്വം എന്താണ് ?

A) ബെർണോളിസ് തത്വം
B) ബോയ്ൽസ് നിയമം
C) ആർക്കിമെഡീസ് തത്വം
D) പാസ്കൽ നിയമം

26. ഗ്രഹങ്ങളുടെ ചലന നിയമങ്ങൾ ആവിഷ്കരിച്ചത് ആരാണ് ?

A) മാസ്‌വെൽ
B) ന്യൂട്ടൺ
C) കെപ്ലർ
D) എഡിസൺ

27. രണ്ടു ലോഹകഷ്ണങ്ങൾ ഒരു ലായനിയിൽ മുക്കിയപ്പോൾ അവയ്ക്കു ഒരേ പ്ലവക്ഷമ ബലമാണ് അനുഭവപ്പെടുന്നത് എങ്കിൽ അവയുടെ _______ തുല്യമാണ്.

A) ഭാരം
B) സാന്ദ്രത
C) മാസ്സ്
D) വ്യാപ്തം

28. താഴെ കൊടുത്തിരിക്കുന്നവയിൽ സദിശ അളവ് ഏത് ?

A) പ്രവൃത്തി
B) ആക്കം
C) ഊർജം
D) പവർ

29. താഴെപ്പറയുന്നതിൽ സിങ്കിന്റെ അയിര് അല്ലാത്തതേത് ?

A) സിങ്ക് ബ്ലെൻഡ്
B) സിഡറൈറ്റ്
C) കാലമൈൻ
D) സ്മാലെറൈറ്റ്

30. ലിൻഡെയിൻ അഥവാ 666 എന്നറിയപ്പെടുന്ന രാസവസ്തു.

A) ഹെക്സാക്ലോറോബെൻസീൻ

B) ക്ലോറോബെൻസീൻ

C) ഡൈക്ലോറോബെൻസീൻ

D) ബെൻസീൻ ഹെക്സാക്ലോറൈഡ്

31. സോഡിയം അമാൽഗം ഏതു വിഭാഗത്തിൽ പെടുന്നു ?

A) ഏകാത്മക മിശ്രിതം

B) ഭിന്നാത്മക മിശ്രിതം

C) ലായനി

D) കൊളോയിഡ്

32. ആവർത്തന പട്ടിക ഉപയോഗിച്ചു കൊണ്ട് മഗ്നീഷ്യവും നൈട്രജനും തമ്മിൽ സംയോജിച്ചുണ്ടാകുന്ന സംയുക്തത്തിന്റെ രാസസൂത്രം പ്രവചിക്കുക.

A) $MgN_2$

B) $Mg_3N_2$

C) $Mg_2N_3$

D) $Mg_4N_2$

33. താഴെപ്പറയുന്നവയിൽ ഏതാണ് ലൂയിസ് അമ്ലം ?

A) $OH^-$

B) $BCl_3$

C) $NH_3$

D) CaO

34. ചുവടെ ചേർത്തിരിക്കുന്ന ഏത് അവസ്ഥയിൽ ആണ് ഒരു രാസപ്രവർത്തനം പുരോപ്രവർത്തന ദിശയിൽ നടക്കുന്നത് ?

A) $Qc < Kc$

B) $Qc > Kc$

C) $Qc = \frac{1}{Kc}$

D) $Qc = Kc$

35. സിങ്ക് സൾഫൈഡും ലെഡ് സൾഫൈഡും അടങ്ങിയ അയിരുകളുടെ സാന്ദ്രണ പ്രക്രിയയിൽ ഡിപ്രസന്റായി ഉപയോഗിക്കുന്ന രാസവസ്തു.

A) പൊട്ടാസ്യം സയനൈഡ്

B) പൊട്ടാസ്യം ക്ലോറൈഡ്

C) സോഡിയം സയനൈഡ്

D) സോഡിയം സൾഫേറ്റ്

36. 'ലിഗോ രസതന്ത്രം' എന്ന് വിശേഷിപ്പിക്കുന്ന ശാസ്ത്രശാഖ.

A) ബയോ ഓർതോഗോണൽ രസതന്ത്രം
B) വൈദ്യുത രസതന്ത്രം
C) ക്ലിക് രസതന്ത്രം
D) പ്രകാശ രസതന്ത്രം

37. താഴെപ്പറയുന്നവയിൽ ഏത് ലോഹമാണ് ഓട്ടോമൊബൈൽ കാറ്റലറ്റിക് കൺവേർട്ടറിൽ ഉപയോഗിക്കുന്നത് ?

A) പലേഡിയം
B) കോപ്പർ
C) റേഡിയം
D) ഇരുമ്പ്

38. മെനിഞ്ചൈറ്റിസ് ഏത് അവയവത്തെ ബാധിക്കുന്ന രോഗമാണ് ?

A) ഹൃദയം
B) ശ്വാസകോശം
C) തലച്ചോറ്
D) വൃക്ക

39. എന്താണ് ക്യൂണികൾച്ചർ ?

A) ശാസ്ത്രീയമായ കൂൺ വളർത്തൽ
B) ശാസ്ത്രീയമായ മുയൽ വളർത്തൽ
C) പഴം, പച്ചക്കറി എന്നിവ ശാസ്ത്രീയമായി കൃഷിചെയ്യൽ
D) ശാസ്ത്രീയമായ തേനീച്ച വളർത്തൽ

40. കേൾവിക്ക് സഹായിക്കുന്ന ആന്തര കർണത്തിന്റെ ഭാഗം ഏത് ?

A) കോക്ലിയ
B) വെസ്റ്റിബ്യൂൾ
C) അർദ്ധവൃത്താകാരക്കുഴലുകൾ
D) കർണനാളം

41. കിങ്ഡം മൊനീറയുടെ സവിശേഷത എന്ത് ?

A) ന്യൂക്ലിയസില്ലാത്ത ഏകകോശ ജീവി
B) പരപോഷികളായ സഞ്ചാരശേഷിയുള്ള ബഹുകോശ ജീവി
C) ന്യൂക്ലിയസോടുകൂടിയ ഏകകോശ ജീവി
D) സ്വപോഷികളായ സഞ്ചാരശേഷിയില്ലാത്ത ബഹുകോശ ജീവി

42. ജനിതകശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കുന്നത് ആരെയാണ് ?

A) എറിക് ഷെർമാക്

B) കാൾ കോറൻസ്

C) ഹ്യൂഗോ ഡീവ്രീസ്

D) ഗ്രിഗർ ജൊഹാൻ മെൻഡൽ

43. ചുവടെ കൊടുത്തിരിക്കുന്നവയിൽ കോശാംഗങ്ങളുമായി ബന്ധപ്പെട്ട് തെറ്റായ ജോഡി ഏത് ?

A) റൈബോസോം – മാംസ്യനിർമ്മാണ കേന്ദ്രം

B) ലൈസോസോം – കോശവിഭജനത്തിനു സഹായിക്കുന്നു

C) മൈറ്റോ കോൺട്രിയോൺ – കോശത്തിലെ ഊർജനിർമാണവും സംഭരണവും

D) എൻഡോപ്ലാസ്മിക് റെറ്റിക്കുലം – കോശത്തിനുള്ളിലെ പദാർത്ഥസംവഹന പാത

44. 'എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം' (A Brief History of Time) എന്ന വിഖ്യാതമായ ശാസ്ത്രപുസ്തകം രചിച്ചതാര് ?

A) റേച്ചൽ കാഴ്സൺ

B) ഫ്രാൻസിസ് ക്രിക്ക്

C) സ്റ്റീഫൻ ഹോക്കിങ്

D) മസനോബു ഫുക്കുവോക്ക

45. മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കുന്ന ഇന്ത്യയുടെ ബഹിരാകാശ ദൗത്യം ഏത് ?

A) മംഗൾയാൻ

B) ചാന്ദ്രയാൻ

C) സോയൂസ്

D) ഗഗൻയാൻ

46. $\frac{(0.897)^3 - (0.397)^3}{0.897 \times 0.397 + 0.397 \times 0.397 + 0.897 \times 0.897}$ നെ ലഘൂകരിച്ചാൽ കിട്ടുന്നത്

A) 1

B) $\frac{1}{2}$

C) $\frac{1}{4}$

D) 1.294

47. കോളം – I ൽ ദശാംശസംഖ്യകളും കോളം – II ൽ ഭിന്നസംഖ്യകളും നൽകിയിരിക്കുന്നു. ഇവയെ അനുയോജ്യമായ രീതിയിൽ ബന്ധിപ്പിച്ചാൽ കിട്ടുന്നത്.

| കോളം – I | കോളം – II |
|---|---|
| i) 0.015625 | v) $1/625$ |
| ii) 0.008 | vi) $1/50$ |
| iii) 0.0016 | vii) $1/40$ |
| iv) 0.025 | viii) $1/64$ |
| | ix) $1/32$ |
| | x) $1/125$ |

A) (i) → (x), (ii) → (viii), (iii) → (vi), (iv) → (v)

B) (i) → (vi), (ii) → (ix), (iii) → (x), (iv) → (viii)

C) (i) → (v), (ii) → (vii), (iii) → (ix), (iv) → (x)

D) (i) → (viii), (ii) → (x), (iii) → (v), (iv) → (vii)

48. 87616 പനിനീർ ചെടികളെ വരിയിലും നിരയിലും തുല്യമാകത്തക്കവിധത്തിൽ ക്രമീകരിച്ചാണ് പൂന്തോട്ടമൊരുക്കിയത്. എങ്കിൽ ഒരു വരിയിൽ എത്ര പനിനീർ ചെടികൾ ഉണ്ടാകും ?

A) 296
B) 294
C) 286
D) 284

49. 5x + 6y : 8x + 5y = 8 : 9 ആണെങ്കിൽ x : y യുടെ വില എത്രയാണ് ?

A) 11 : 13
B) 8 : 9
C) 14 : 19
D) 2 : 3

50. ശ്രേണിയിലെ അടുത്ത സംഖ്യയേത് ?

3, 20, 55, 114, 203, 328, _____

A) 504 B) 483
C) 476 D) 495

51. p, q, r, s, t, u, v എന്നിവ തുടർച്ചയായ ഇരട്ട എണ്ണൽ സംഖ്യകളെ പ്രതിനിധീകരിക്കുന്നു. ഈ സംഖ്യകളുടെ ശരാശരി ചുവടെ കൊടുത്തിട്ടുള്ളവയിൽ ഏതാണ് ?

A) $\frac{(q+u)}{2}$ B) $\frac{q \times u}{2}$
C) 2s D) $\frac{v-p}{2}$

52. ഒരു സമചതുരത്തിന്റെ വശങ്ങൾ 25% വീതം വർദ്ധിപ്പിച്ചാൽ പരപ്പളവിലുള്ള വർദ്ധനവ് എത്ര ശതമാനമാണ് ?

A) 54½ B) 50
C) 56¼ D) 52¾

53. ഭിന്നസംഖ്യകളുമായി ബന്ധമുള്ള ചില പ്രസ്താവനകൾ ചുവടെ കൊടുക്കുന്നു.

പ്രസ്താവന (i) : $4/5$ നും $8/9$ നും ഇടയിലാണ് $17/20$

പ്രസ്താവന (ii) : $6/11$ നും $13/18$ നും ഇടയിലാണ് $3/4$

പ്രസ്താവന (iii) : $15/22$ നും $5/6$ നും ഇടയിലാണ് $19/36$

ഇവയിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏതൊക്കെയാണ് ?

A) പ്രസ്താവന (i) മാത്രം
B) പ്രസ്താവന (ii) മാത്രം
C) പ്രസ്താവന (i) ഉം പ്രസ്താവന (ii) ഉം
D) പ്രസ്താവന (i), (ii), (iii) എന്നിവ

54. 9,000 രൂപയ്ക്ക് 6% സാധാരണ പലിശ നിരക്കിൽ 3 വർഷത്തേക്കുള്ള പലിശ എത്രയാണ് ?

A) 1,720
B) 1,620
C) 1,520
D) 1,420

55. ചുവടെ കൊടുത്തിരിക്കുന്ന 2 പ്രസ്താവനകളിൽ ശരിയായവ ഏതൊക്കെയാണ് ?

പ്രസ്താവന (i) : 108, 48, 72 എന്നീ സംഖ്യകളുടെ ചെറുപൊതു ഗുണിതം 432 ആണ്.

പ്രസ്താവന (ii) : $4/5$, $5/6$, $7/15$ എന്നീ സംഖ്യകളുടെ വൻപൊതു ഘടകം $1/30$ ആണ്.

A) പ്രസ്താവന (i) മാത്രം

B) പ്രസ്താവന (ii) മാത്രം

C) പ്രസ്താവന (i) ഉം (ii) ഉം

D) ഇവയൊന്നുമല്ല

56. ചുവടെ കൊടുത്തിട്ടുള്ള 3 പ്രസ്താവനകൾ വായിച്ച് അനുയോജ്യമായ ഉത്തരം തെരഞ്ഞെടുക്കുക.

പ്രസ്താവന (i) : ഒരു ട്രില്യൻ എന്നത് $10^{10}$ ന് തുല്യമാണ്.

പ്രസ്താവന (ii) : ഒരു ബില്യനിൽ നിന്ന് ഒരു മില്യൻ കുറച്ചാൽ കിട്ടുന്ന ഉത്തരം $9.99 \times 10^8$ ആണ്.

പ്രസ്താവന (iii) : ഒരു മില്യനിൽ നിന്ന് ആയിരം കുറച്ചാൽ കിട്ടുന്ന ഉത്തരം $9.99 \times 10^5$ ആണ്.

A) പ്രസ്താവന (i) ശരിയും (ii), (iii) എന്നിവ തെറ്റുമാണ്

B) പ്രസ്താവന (i), (ii) എന്നിവ ശരിയും (iii) തെറ്റുമാണ്

C) പ്രസ്താവന (i), (iii) എന്നിവ തെറ്റും (ii) ശരിയുമാണ്

D) പ്രസ്താവന (i) തെറ്റും (ii), (iii) എന്നിവ ശരിയുമാണ്

57. മൊത്തവില്പനക്കാരൻ 2,400 രൂപ വിലയുള്ള നോൺസ്റ്റിക്ക് അപ്പച്ചട്ടിയുടെ വില 5% വർദ്ധിപ്പിച്ചാണ് ചില്ലറ വില്പനക്കാരന് വിറ്റത്. ചില്ലറ വില്പനക്കാരൻ വീണ്ടും 5% വർദ്ധിപ്പിച്ചാണ് ഉപഭോക്താവിന് വിറ്റത്. എങ്കിൽ ഉപഭോക്താവ് നോൺസ്റ്റിക്ക് അപ്പച്ചട്ടിക്ക് എന്തു വില നൽകിയിട്ടുണ്ടാകും ?

A) 2,646 B) 2,640 C) 2,546 D) 2,564

58. ദേവിക ഒരു ജോലി 10 ദിവസം കൊണ്ടും രമ്യ അതേ ജോലി 15 ദിവസം കൊണ്ടും പൂർത്തിയാക്കും. രണ്ടുപേരും ഒരുമിച്ച് ജോലി ആരംഭിച്ചുവെങ്കിലും 4 ദിവസം കഴിഞ്ഞപ്പോൾ അസുഖം കാരണം ദേവിക പിൻമാറി. ബാക്കി ജോലി രമ്യ തനിച്ച് എത്ര ദിവസം കൊണ്ട് പൂർത്തിയാക്കും ?

A) 4
B) 5
C) 4½
D) 5½

59. ഒരു ക്ലോക്കിലെ സമയം 11.25 ആണ്. അപ്പോൾ മണിക്കൂർ സൂചിക്കും മിനുട്ടു സൂചിക്കും ഇടയിലുള്ള കോണളവ് എത്ര ഡിഗ്രി ആയിരിക്കും ?

A) 172½
B) 162½
C) 152½
D) 167½

60. 168 സെ. മീ. വ്യാസമുള്ള ഒരു അർദ്ധഗോളത്തിന്റെ ആകെ ഉപരിതല വിസ്തീർണ്ണം എത്ര ചതുരശ്രസെന്റിമീറ്റർ ആണ് ?

A) 66528
B) 44352
C) 44864
D) 66276

61. ഭാഗങ്ങളുടെ ആകെ തുകയേക്കാൾ മെച്ചപ്പെട്ടതാണ് അതിന്റെ സമഗ്രത എന്ന് സിദ്ധാന്തിക്കുന്ന മനഃശാസ്ത്ര സമീപനം.

A) വ്യവഹാര വാദം (Behaviourism)
B) ഘടനാവാദം (Structuralism)
C) ഗസ്റ്റാൾട്ട് സിദ്ധാന്തം (Gestalt theory)
D) ജ്ഞാന നിർമ്മിതി വാദം (Cognitive theory)

62. വ്യവഹാരവാദത്തെ (Behaviourism) സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവന ഏത് ?

A) വ്യവഹാരങ്ങളെല്ലാം ചോദക (Stimulus) – പ്രതികരണ (Response) ബന്ധങ്ങളിൽ അധിഷ്ഠിതമാണ്.

B) ജീവികളെ നിരീക്ഷിച്ച് മനുഷ്യരുടെ വ്യവഹാരങ്ങളെക്കുറിച്ച് നിഗമനത്തിലെത്തുക സാധ്യമല്ല.

C) മനഃശാസ്ത്ര സിദ്ധാന്തങ്ങൾക്ക് പരീക്ഷണ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലുള്ള തെളിവുകൾ ആവശ്യമാണ്.

D) ചോദന (Stimulus) – പ്രതികരണങ്ങൾ (Response) തമ്മിലുള്ള അനുബന്ധനമാണ് പഠനം.

63. മനോവിശ്ലേഷണ സിദ്ധാന്തത്തിന്റെ (Psycho Analysis) ഉപജ്ഞാതാവ് ആര് ?

A) ജെ. ബി. വാട്സൺ (J. B. Watson)

B) ജീൻ പിയാഷെ (Jean Piaget)

C) ബി. എഫ്. സ്കിന്നർ (B. F. Skinner)

D) സിഗ്മണ്ട് ഫ്രോയ്ഡ് (Sigmund Freud)

64. മാനവികതാവാദ (Humanism) ത്തിന്റെ പ്രധാന കാഴ്ചപ്പാടുകളിലൊന്ന് ഏത് ?

A) കുട്ടിക്ക് സ്വയം അറിവു നിർമ്മിക്കാനുള്ള കഴിവുണ്ട്.

B) സമൂഹവുമായി ഇടപഴകിക്കൊണ്ടാണ് അറിവു നിർമ്മിക്കുന്നത്.

C) ആത്മസാക്ഷാത്കാരമാണ് (Self Actualisation) മനുഷ്യവ്യവഹാരങ്ങളുടെ പരമമായ ലക്ഷ്യം.

D) മനുഷ്യരുടെ അബോധ മനസിലാണ് (Unconscious mind) മാനസിക യാഥാർത്ഥ്യങ്ങൾ കുടികൊള്ളുന്നത്.

65. പിയാഷെ (Piaget) യുടെ സിദ്ധാന്ത പ്രകാരം നിലവിലുള്ള 'സ്കീമ' (Schema) ഉപയോഗിച്ച് പുതിയ സാഹചര്യത്തെ ഉൾക്കൊള്ളുന്ന പ്രക്രിയയാണ്.

A) സ്വാംശീകരണം (Assimilation)

B) സംയോജനം (Joining)

C) ആയോജനം (Adaptation)

D) മെച്ചപ്പെടുത്തൽ (Modification)

66. വിളംബിത ചാലകവികാസത്തിന് (Delayed motor development) കാരണമല്ലാത്തത് ഏത് ?

A) അനാരോഗ്യം
B) ന്യൂനബുദ്ധി
C) ശ്രദ്ധക്കുറവ്
D) അഭ്യാസക്കുറവ്

67. തെറ്റായ പ്രസ്താവന ഏത് ?

A) വ്യക്തിയുടെ വിദ്യാഭ്യാസത്തിൽ പാരമ്പര്യവും (Heredity) പര്യാവരണവും (Environment) ഒരു പോലെ സഹായിക്കുന്നു.
B) പാരമ്പര്യ (Heredity) മായ കഴിവുകൾ ഏതു പര്യാവരണ (Environment) ത്തിലും വികാസം പ്രാപിക്കുന്നു.
C) അനുകൂലമായ പര്യാവരണ (Environment) ത്തിൽ പാരമ്പര്യ (Heredity) മായ കഴിവുകൾ വികാസം പ്രാപിക്കുന്നു.
D) പാരമ്പര്യം (Heredity) വികാസത്തിന്റെ അടിത്തറയും പര്യാവരണം (Environment) അതിന്റെ ഘടനയുമാണ്.

68. കാതറിൻ ബ്രിഡ്ജസ് ചാർട്ട് (Catherine Bridges' Chart) ഏതു മേഖലയുമായി ബന്ധപ്പെട്ടതാണ് ?

A) വൈകാരിക വികാസം
B) വൈജ്ഞാനിക വികാസം
C) ശാരീരിക വികാസം
D) സാമൂഹിക വികാസം

69. മൂർത്ത മനോവ്യാപാര ഘട്ടത്തിന്റെ (Concrete Operational Stage) ഒരു സവി ശേഷതയാണ്

A) യുക്തി ചിന്ത (Reasoning)
B) അമൂർത്ത ചിന്ത (Abstract thinking)
C) ശ്രേണീകരണം (Seriation)
D) പ്രശ്ന പരിഹരണം (Problem solving)

70. ചിത്രം വരയ്ക്കുന്ന കുട്ടി ഏതു തരം ബഹുമുഖ ബുദ്ധി (Multiple Intelligence) ആണ് ഉപയോഗപ്പെടുത്തുന്നത് ?

A) ശാരീരികം
B) ദൃശ്യ-സ്ഥലപരം
C) വൈകാരികം
D) കലാപരം

71. 2010-ൽ ഇന്ത്യയിൽ നടപ്പിലായ വിദ്യാഭ്യാസ അവകാശ നിയമത്തെ സംബന്ധിച്ച് ഏറ്റവും ശരിയായ പ്രസ്താവന ഏത് ?

A) മൗലിക അവകാശമായ വിദ്യാഭ്യാസം സൗജന്യമായി ഇന്ത്യയിലെ എല്ലാ കുട്ടി കൾക്കും ലഭ്യമായി.

B) സൗജന്യവും നിർബന്ധിതവുമായ പ്രൈമറി വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും സാർവ്വത്രികമായി ലഭ്യമായി.

C) 6 മുതൽ 14 വയസ്സു വരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം സാർവ്വത്രികവും നിർബന്ധിതവുമായി.

D) സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം 6 മുതൽ 14 വയസ്സു വരെയുള്ള കുട്ടികളുടെ മൗലിക അവകാശമായി പ്രാബല്യത്തിൽ വന്നു.

72. ഗാന്ധിജി ആവിഷ്കരിച്ച വിദ്യാഭ്യാസ പദ്ധതി ഏതു പേരിൽ അറിയപ്പെടുന്നു ?

A) അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി

B) പ്രവൃത്തി വിദ്യാഭ്യാസ പദ്ധതി

C) ഗ്രാമീണ വിദ്യാഭ്യാസ പദ്ധതി

D) ദേശീയ വിദ്യാഭ്യാസ പദ്ധതി

73. റൂസ്സോ (Rousseau) തന്റെ വിദ്യാഭ്യാസ ദർശനങ്ങൾ വിശദമാക്കിയ ഗ്രന്ഥം ?

A) ഡിസ്കോഴ്സ് (Discourse)

B) എമിലി (Emile)

C) സോഷ്യൽ കോൺട്രാക്ട് (Social Contract)

D) കൺഫെഷൻസ് (Confessions)

74. പ്രൈമറി ക്ലാസ് റൂം പഠന പ്രവർത്തനത്തിന്റെ ഭാഗമായി വീഡിയോ ഉപയോഗി ക്കുന്നതിനെ സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവന.

A) നിരന്തരം വീഡിയോകൾ കാണിക്കണം.

B) ചെറിയ വീഡിയോ ആയിരിക്കണം.

C) നേരനുഭവങ്ങൾക്ക് സാധ്യത ഇല്ലാത്ത സന്ദർഭങ്ങളിലാണ് വീഡിയോകൾ പ്രയോജന പ്പെടുത്തേണ്ടത്.

D) ഇടയ്ക്ക് അധ്യാപികയുടെ വിശദീകരണങ്ങൾ വേണം.

75. പഠനവൈകല്യത്തിൽ (Learning Disability) ഉൾപ്പെടുന്നത് ഏത് ?

A) ഡിസ്‌ലെക്സിയ (Dyslexia)

B) ADHD

C) ഓട്ടിസം (Autism)

D) സെറിബ്രൽ പാൾസി (Cerebral Palsy)

76. സംഘ പഠന (Group Learning) ത്തിന്റെ ഒരു പരിമിതി.

A) അച്ചടക്കം നഷ്ടപ്പെടുന്നു

B) സംഘാംഗങ്ങളിൽ ചിലരുടെ മേധാവിത്വം

C) സമയ പരിമിതി

D) വ്യക്തിഗത ശ്രദ്ധയുടെ കുറവ്

77. പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനായി 1994-ൽ ഇന്ത്യയിൽ നടപ്പിലാക്കിയ പദ്ധതി.

A) DPEP

B) SSA

C) NPE

D) RMSA

78. ഏതു ക്ലാസ് വരെയുള്ള കുട്ടികളുടെ പഠനമാണ് കേരളത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്നത് ?

A) 1 മുതൽ 10 വരെ

B) 1 മുതൽ 12 വരെ

C) –2 മുതൽ +2 വരെ

D) –2 മുതൽ 10 വരെ

79. ആശയാവതരണരീതി എന്തിനെ സൂചിപ്പിക്കുന്നു ?

A) ആശയം അവതരിപ്പിക്കുന്ന രീതി

B) പാഠഭാഗം അവതരിപ്പിക്കുന്ന രീതി

C) അക്ഷരം അവതരിപ്പിക്കുന്ന രീതി

D) ചിഹ്നങ്ങൾ അവതരിപ്പിക്കുന്ന രീതി

80. പ്രൊജക്ടിന്റെ ഘട്ടങ്ങളുടെ ക്രമം.

A) നിഗമനം – പ്രശ്നം അനുഭവപ്പെടൽ – വിവര ശേഖരണം – അപഗ്രഥനം

B) പ്രശ്നം അനുഭവപ്പെടൽ – അപഗ്രഥനം – വിവര ശേഖരണം – നിഗമനം

C) വിവര ശേഖരണം – അപഗ്രഥനം – പ്രശ്നം അനുഭവപ്പെടൽ – നിഗമനം

D) പ്രശ്നം അനുഭവപ്പെടൽ – വിവര ശേഖരണം – അപഗ്രഥനം – നിഗമനം

Read the following passage and answer the questions by choosing the correct option (81 – 83).

The Kyoto Protocol, which came into force on 16 February 2005, was one of the first initiatives for following the course of eco-friendly development on a global scale. Under the protocol, thirty seven industrialized nations (called Annexure I countries) committed themselves to a reduction of the four green house gases-Carbon dioxide, Methane, Sulphur hexafluorides and Nitrous oxide-and the two groups-Hydrofluorocarbons and Perfluorocarbons-produced. All the other member nations (including India) were to give a general commitment, though not as rigorous as the one given by the industrialized nations. The Annexure I countries agreed to reduce their collective emissions by 5.2 percent from the 1990 level. The Kyoto Protocol was signed by 187 countries on November 2009. India is a member of the treaty while the United States has a status of ‘signed but not intending to ratify’ the treaty.

81. The Kyoto Protocol was intended for

    A) Industrialized countries only

    B) The United States only

    C) Annexure I countries only

    D) Countries at global level

82. The passage says that Green house gases are

    A) Harmful to life

    B) Essential for life

    C) To be produced by Annexure I countries

    D) Necessary for eco-friendly development

83. Which of the following statements is True about Kyoto Protocol ?

    A) The Protocol was signed only by thirty seven countries

    B) The Protocol was an initiative by India

    C) The Protocol was not signed by the United States

    D) The Protocol was signed by 187 countries

Answer the following questions by choosing the most appropriate answer from the given options.

84. Great people always prefer peace of mind __________ money.

A) on
B) to
C) about
D) for

85. Identify the word which is similar in meaning to the word ‘impassible’.

A) invisible
B) unimportant
C) obstructed
D) dangered

86. The girl was a good singer, __________ being a dancer.

A) beside
B) and
C) besides
D) too

87. The contestants __________ performed quite well.

A) did
B) has
C) were
D) have

88. It is not desirable that we look __________ the poor.

A) into
B) after
C) down on
D) in

89. Which of the following objectives is most desired in language classrooms ?

A) The learner applies the word in a meaningful sentence
B) The learner reads the poem
C) The learners reproduce the sentences
D) The learners recall the meaning of the word

90. Which of the following is most appropriate for developing creative writing skill ?

A) Substitution tables
B) Drafting a letter
C) Dictation
D) Cross word puzzles

91. ഒ. വി. വിജയൻ രചിച്ച 'ചെങ്ങന്നൂർ വണ്ടി'യെന്ന ചെറുകഥയുടെ പ്രമേയമാണ്.

A) അധികാരഘടനയുടെ നിഷ്ഠൂരതയും അതിന്റെ തകർച്ചയും

B) വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് ജയിലിൽ കഴിയുന്ന മകനെ കാണാൻ പോകുന്ന പിതാവിന്റെ ചിന്തകൾ

C) മരണാനന്തരക്രിയകൾക്കുശേഷം ഉയിർത്തെഴുന്നേറ്റുവരുന്ന ഒരു മനുഷ്യൻ തന്റെ അന്ത്യനിമിഷങ്ങളെ പുനസൃഷ്ടിക്കുന്നു

D) പാഴുതറയിലെ കർഷകരുടെ വൈവിധ്യപൂർണമായ ജീവിതാവിഷ്ക്കാരം

92. 'വഹ്നിസന്തപ്ത ലോഹസ്ഥാംബു ബിന്ദുനാ
സന്നിഭം മർത്യജന്മം ക്ഷണഭംഗുരം'
ഈ വരികളിലൂടെ കവി വെളിവാക്കുന്ന ആശയം എന്താണ് ?

A) ചുട്ടുപഴുത്ത ലോഹത്തിൽ വീഴുന്ന ജലം വേഗത്തിൽ ആവിയാകും

B) ജലം വേഗത്തിൽ തിളയ്ക്കുന്നതിന് ലോഹപ്പാത്രം സഹായിക്കുന്നു

C) മനുഷ്യജീവിതം നശ്വരമാണ്

D) മനുഷ്യശരീരം ചുട്ടുപഴുത്ത ലോഹപ്പാത്രം പോലെയാണ്

93. താഴെക്കൊടുത്തിട്ടുള്ളവയിൽ ബോധധാരാ നോവലുകളുടെ പട്ടികയിൽ പെടാത്ത കൃതിയേത് ?

A) സ്വർഗദൂതൻ
B) മഞ്ഞ്
C) അരനാഴികനേരം
D) ബാല്യകാലസഖി

94. എം. ടി. വാസുദേവൻ നായർ രചിച്ച 'മാണിക്യക്കല്ല്' ഏതു വിഭാഗത്തിൽപെടുന്നു ?

A) നിരൂപണം
B) വൈജ്ഞാനിക സാഹിത്യം
C) ബാലസാഹിത്യം
D) യാത്രാവിവരണം

95. വേൾ + തു = വേട്ടു
ഇതേതു സന്ധിവിഭാഗത്തിൽ പെടുന്നു ?

A) ആദേശസന്ധി
B) ദ്വിത്വസന്ധി
C) ആഗമസന്ധി
D) ലോപസന്ധി

96. മുൻവിനയെച്ചത്തിന് ഉദാഹരണമേത് ?

A) പറയാൻപോയി
B) കുളിക്കാൻ പോയി
C) പറഞ്ഞുപോയി
D) പറകവേണം

97. ആശയാവതരണരീതിയുടെ ക്രമം ഏതാണ് ?

A) വാക്യം, അക്ഷരം, വാക്യസമൂഹം, പദം
B) പദം, വാക്യം, വാക്യസമൂഹം, അക്ഷരം
C) വാക്യസമൂഹം, വാക്യം, പദം, അക്ഷരം
D) അക്ഷരം, പദം, വാക്യസമൂഹം, വാക്യം

98. ശരിയായ പദമേത് ?

A) ആതിഥേയൻ
B) ആദിഥേയൻ
C) ആതിധേയൻ
D) ആഥിതേയൻ

99. രചനാന്തരണ പ്രജനകവ്യാകരണം ആവിഷ്ക്കരിച്ച ഭാഷാശാസ്ത്രജ്ഞനാര് ?

A) വൈഗോട്സ്കി
B) നോം ചോംസ്കി
C) ബ്രൂണർ
D) പിയാഷെ

100. ഭാഷയുടെ സ്വനവ്യവസ്ഥയിൽ അർഥപരമായ വ്യത്യയം സൂചിപ്പിക്കാൻ കഴിയുന്ന ഏറ്റവും ചെറിയ ഏകകത്തിന്റെ പേര്.

A) വ്യത്യയം
B) സ്വനം
C) സ്വനിമം
D) രൂപിമം

## Space for Rough Work